കെ.എസ്.ആർ.ടി.സി. സ്വാഡുകൾ

332 (3966) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമാന്തര സർവ്വീസുകൾ തടയുന്നതിനായി കെ.എസ്.ആർ.ടി.സി. സ്വാഡുകൾ പ്രവർത്തിക്കുന്നുണ്ടോ; എത്ര സ്വാഡുകളാണ് ഇതിനുള്ളത്; ഏതൊക്കെ ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്വാഡുകൾ എത്ര വാഹനങ്ങൾ പിടിച്ചു; പിടിച്ച വാഹനങ്ങളുടെ ഉടമസ്ഥർക്കെതിരെ എന്തൊക്കെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സമാന്തര സർവ്വീസുകൾ തടയുന്നതിനായി സ്വാഡുകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ അനധികൃത സമാന്തര സർവ്വീസുകൾ തടയുന്നതിലേക്കായി സർക്കാർ നിർദ്ദേശ പ്രകാരം മോട്ടോർ വാഹന വകുപ്പ്, പോലീസ്, കെ.എസ്.ആർ.ടി.സി. എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന 7 സ്വാഡുകൾ പ്രവർത്തിച്ചിരുന്നു. മോട്ടോർ വാഹന വകുപ്പിലെയും പോലീസിലെയും ഉദ്യോഗസ്ഥരെ യഥാസമയം ലഭ്യമാകാതെ വന്നതിനെത്തുടർന്ന് ഈ സ്വാഡുകളുടെ പ്രവർത്തനം നിർജ്ജീവമാകുകയുണ്ടായി. ഇപ്പോൾ കെ.എസ്. ആർ.ടി.സി.-യുടെ ഒരു വാഹനം ഉപയോഗിച്ച് ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ സേവനം ലഭ്യമാക്കി അനധികൃത സമാന്തര സർവ്വീസുകൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്വാഡുകൾ 68 വാഹനങ്ങൾ പിടിച്ചു. വാഹന ഉടമകളിൽനിന്നും 1,79,900 രൂപ പിഴയായി പിടിച്ചെടുത്തിട്ടുണ്ട്.

(ബി) ഉണ്ട്. തിരുവനന്തപുരം നഗരത്തിൽ സ്വാഡുകൾ പ്രവർത്തിച്ചിരുന്ന കാലത്ത് വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇപ്പോഴത്തെ രീതിയിലുള്ള പ്രവർത്തനവും ഫലകരമാണെന്നാണ് അനുഭവത്തിലൂടെ വ്യക്തമാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly